**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6653</u>** **<u>11-07-2024 - ൽ മറുപടിയ്ക്ക്</u>**

**<u>പൊതു വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്താൻ നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസമേഖലയെ ശക്തിപ്പെടുത്തുന്നതിനും അക്കാദമിക് നിലവാരവും ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുമായി എന്തൊക്കെ നടപടികളാണ് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | 2016 ൽ ആരംഭിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ ഭൗതിക സാഹചര്യ വികസനത്തിൽ വൻകുതിച്ചുചാട്ടമാണ് ഉണ്ടായിരിക്കുന്നത്. വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുന്നതിനു വേണ്ടിയുള്ള തുടർപ്രവർത്തനങ്ങളും നടന്നു വരുന്നു. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി 1, 3, 5, 7, 9 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചു കഴിഞ്ഞു. മറ്റു ക്ലാസുകളിലെ പാഠപുസ്തക പരിഷ്കരണം പുരോഗമിച്ചു വരുന്നു. ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുവേണ്ടി സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പരിപാടി. 1 മുതൽ 7-ാം ക്ലാസ് വരെയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. വിദ്യാഭ്യാസ മേഖലയിൽ ഗുണമേന്മ ലക്ഷ്യമിട്ട് സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിലും നിരവധി പദ്ധതികൾ നടപ്പിലാക്കി വരികയാണ്. പഠനപ്രവർത്തനങ്ങളിൽ പ്രയാസം നേരിടുന്ന കുട്ടികളെ കണ്ടെത്തി പിന്തുണ നൽകുന്നതിനായി 'ഹെൽപ്പിംഗ് ഹാൻഡ് പദ്ധതി', ഗണിതശാസ്ത്ര പഠനം മെച്ചപ്പെടുത്തുന്നതിനായി 'മഞ്ചാടി പദ്ധതി', പ്രീപ്രൈമറി മേഖലയെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ 'വർണ്ണ കൂടാരം പദ്ധതി', തീരദേശത്തെ വിദ്യാർത്ഥികളുടെ പഠനത്തിനായി 'ബീച്ച് ടു ബെഞ്ച് പദ്ധതി', ഇംഗ്ലീഷ് വിദ്യാഭ്യാസം മികവുറ്റതാക്കി മാറ്റുന്നതിന് 'ഹലോ ഇംഗ്ലീഷ് പദ്ധതി', ഹിന്ദി പഠനത്തിനായി 'സുരീലി ഹിന്ദി' മികച്ച വിദ്യാലയങ്ങളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനുമായി 'ഇന്നവേറ്റീവ് സ്കൂൾ പദ്ധതി', പഠനോത്സവങ്ങൾ, സ്റ്റീ ഇക്കോം സിസ്റ്റം പദ്ധതി, തൊഴിൽ പഠനത്തിനായി സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ, സ്കൂൾവെതർ സ്റ്റേഷനുകൾ, ടീച്ചർ എഡ്യൂക്കേഷൻ മേഖലയിൽ |

| | | | |
|---|---|---|---|
| | | | ഡയറ്റുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാനുള്ള പദ്ധതി എന്നിവയും ഭിന്നശേഷി ഇൻക്ലൂസീവ് എഡ്യൂക്കേഷൻ മേഖലയിൽ മെഡിക്കൽ ക്യാമ്പ്, സഹായ ഉപകരണങ്ങളുടെ വിതരണം, സ്പെഷ്യൽ എജ്യൂക്കേറ്റർമാർക്കായി ട്രെയിനിംഗ്, ബ്രയ്‌ലി മെറ്റീരിയലുകളുടെ വിതരണം., ഗൃഹാധിഷ്ഠിത പഠനം, എസ്കോർട്ട് അലവൻസ്, ട്രാൻസ്പോർട്ട് അലവൻസ്, തെറാപ്പി സേവനങ്ങൾ, ചങ്ങാതിക്കൂട്ടം, പഠനസാമഗ്രികൾ വികസിപ്പിച്ചു നൽകൽ, കിടപ്പിലായുള്ള കുട്ടികൾക്കുള്ള പദ്ധതികൾ എന്നിവയും നടപ്പിലാക്കി വരുന്നു.<br><br>സംസ്ഥാനത്തെ സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി, മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ 1137 സ്കൂളുകളിൽ കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്ലാൻ ഫണ്ട് (സെക്കണ്ടറി തലം) പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2021-22 സാമ്പത്തിക വർഷത്തിൽ 153 സ്കൂളുകൾക്കും, 2022-23 സാമ്പത്തിക വർഷത്തിൽ 167 സ്കൂളുകൾക്കും, 2023-24 സാമ്പത്തിക വർഷത്തിൽ 166 സ്കൂളുകൾക്കും കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി അനുവദിക്കുകയുണ്ടായി.<br><br>ഇതു കൂടാതെ സർക്കാർ സ്കൂളുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 2022-23 വർഷത്തിൽ "ബാരിയർ ഫ്രീ പദ്ധതി" ആരംഭിച്ചിരുന്നു. കൂടാതെ സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ നിലനിർത്തുന്നതിനും മെയിന്റനൻസ് പ്രവൃത്തികൾ നടത്തി അവ സംരക്ഷിക്കുന്നതിനും ആവശ്യമായ പ്രവൃത്തികൾ ചെയ്യുന്നതിന് കണ്ടിജൻസി അസിസ്റ്റൻസ് ഫോർ സസ്റ്റനൻസ് ഓഫ് സ്കൂൾസ് ഇൻഫ്രാസ്ട്രക്ചർ പദ്ധതി 2022-23 വർഷത്തിൽ ആരംഭിക്കുകയും ചെയ്തു. |
| (ബി) | ഈ പ്രവർത്തനങ്ങൾ വഴി അടച്ചുപൂട്ടൽ ഭീഷണിയിൽ ആയിരുന്ന എത്ര പൊതുവിദ്യാഭ്യാസ കേന്ദ്രങ്ങളെ സംരക്ഷിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ? | (ബി) | പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ